പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 711** **14-10-2026-ൽ മറുപടിയ്ക്ക്**

**ധനസഹായ പദ്ധതികളുടെ കുടിശ്ശിക വിതരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകി വരുന്ന ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, വിവാഹ ധനസഹായം, പഠനമുറി നിർമ്മാണം, ചികിത്സാ ധനസഹായം എന്നീ പദ്ധതികളിൽ വിതരണം ചെയ്യാനുള്ള കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കുടിശ്ശിക നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഭവന പുനരുദ്ധാരണം, പഠനമുറി നിർമ്മാണം എന്നിവയ്ക്ക് തുക വിതരണം ചെയ്യുന്നത് നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിതഘട്ടം പൂർത്തിയാകുന്ന മുറയ്ക്കാണ്. ടി പദ്ധതികളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കുടിശ്ശിക നിലനിൽക്കുന്നില്ല. വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നീ പദ്ധതികളിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.

**(ബി)** പ്രസ്തുത ഇനങ്ങളിൽ നിലവിൽ എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

**മറുപടി:**

| ക്രമ നം | ജില്ല | വിവാഹ ധനസഹായം | | ചികിത്സാ ധനസഹായം | |
|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക |
| 1 | തിരുവനന്തപുരം | 0 | 0 | 0 | 0 |
| 2 | കൊല്ലം | 238 | 2,97,50,000 | 12 | 4,10,000 |
| 3 | പത്തനംതിട്ട | 102 | 1,27,50,000 | 1 | 10,000 |
| 4 | ആലപ്പുഴ | 89 | 1,11,25,000 | 19 | 8,45,000 |
| 5 | കോട്ടയം | 108 | 1,35,00,000 | 28 | 4,23,500 |
| 6 | ഇടുക്കി | 194 | 2,42,50,000 | 33 | 7,69,000 |
| 7 | എറണാകുളം | 254 | 3,17,50,000 | 29 | 5,02,000 |
| 8 | തൃശ്ശൂർ | 213 | 3,68,75,000 | 46 | 2,59,000 |
| 9 | പാലക്കാട് | 441 | 5,51,25,000 | 7 | 2,30,000 |
| 10 | മലപ്പുറം | 210 | 2,65,00,000 | 7 | 1,16,500 |
| 11 | കോഴിക്കോട് | 34 | 42,50,000 | 43 | 7,75,000 |
| 12 | വയനാട് | 21 | 26,25,000 | 0 | 0 |
| 13 | കണ്ണൂർ | 6 | 7,25,000 | 1 | 10,000 |

| | | | | | |
|---|---|---|---|---|---|
| 14 | കാസർഗോഡ് | 116 | 1,45,00,000 | 43 | 6,44,000 |

**(സി)** വിദേശപഠനം, ഉന്നതവിദ്യാഭ്യാസം, ഇ-ഗ്രാന്റ്സ് എന്നിവയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും വൈകുന്നത് അവരുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങളിലെ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ;

__മറുപടി:__ പട്ടികജാതി വിദ്യാർത്ഥികളുടെ വിദേശപഠന സ്കോളർഷിപ്പ് തുക യഥാസമയം അനുവദിച്ചു നൽകുന്നുണ്ട്. വിദേശപഠന സ്കോളർഷിപ്പ് തുകയിനത്തിൽ നിലവിൽ കുടിശ്ശികയില്ല. ഇ-ഗ്രാന്റ്സ് മുഖേന അപ്രൂവൽ ലഭിക്കുന്ന സ്കോളർഷിപ്പുകൾ നിലവിൽ യഥാസമയം വിതരണം ചെയ്തു വരുന്നു. ഇ-ഗ്രാന്റ്സ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ കുടിശ്ശികയില്ലാതെ വിതരണം ചെയ്തു വരുന്നു. അക്കാഡമിക് വർഷവും സാമ്പത്തിക വർഷവും ഒരേ കാലയളവിൽ ഉൾപ്പെടാത്തതു കാരണം ഓരോ അക്കാഡമിക് വഷത്തേയും ഒരു വിഭാഗം ക്ലെയിമുകൾ അടുത്ത സാമ്പത്തിക വർഷമാണ് അപ്രൂവൽ ലഭിക്കുകയെന്നതിനാൽ തൊട്ടു മുൻ വർഷത്തെ ഏതാനും സ്കോളർഷിപ്പ് ക്ലെയിമുകൾ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകേണ്ടി വരുന്നുണ്ട്. ഇപ്രകാരം ലഭ്യമായ 2025-26 വരെയുള്ള കുടിശ്ശിക തുക 2.13 കോടി രൂപയാണ്. പ്രസ്തുത തുക സമയ ബന്ധിതമായി വിതരണം ചെയ്തു വരുന്നു.

**(ഡി)** പദ്ധതി ധനസഹായങ്ങൾ യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് എത്താതിരിക്കാനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

__മറുപടി:__ പദ്ധതി ധനസഹായങ്ങൾ യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ലഭ്യമാക്കുന്നുണ്ട്.

**(ഇ)** പ്രസ്തുത കുടിശ്ശിക തുക പൂർണ്ണമായും തീർപ്പാക്കി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; സമയബന്ധിതമായി വിതരണം പൂർത്തിയാക്കാൻ പ്രത്യേക കലണ്ടർ തയ്യാറാക്കുമോ; വിശദമാക്കുമോ?

__മറുപടി:__ ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവയിൽ കുടിശ്ശിക തുക പൂർണ്ണമായും നടപ്പു വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിച്ച് കുടിശ്ശിക തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. വിവാഹ ധനസഹായം കുടിശ്ശിക തീർപ്പാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതയും പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**